# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1656

06.03.2017-ൽ മറുപടിക്ക്

## പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ തനത് വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തീരാജ് സ്ഥാപനങ്ങളായ ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വരുമാനത്തിന്റെ പ്രധാന സ്രോതസായ വസ്തു നികുതി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(4) പ്രകാരം ഓരോ 5 വർഷംതോറും 25% വർദ്ധിപ്പിക്കാവുന്നതാണ് (പ്രതിവർഷം 5% നിരക്കിൽ). വസ്തുനികുതി പരിഷ്കരിക്കുന്നതിന് 13.03.2013 ലെ സ.ഉ.(പി) 88/13/തസ്വഭവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ നികുതി-നികുതിയേതര വരുമാന കടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് വരുമാന സ്രോതസുകൾ ഇല്ല. വാടക, ലേലത്തുക തുടങ്ങിയ നാമമാത്രമായ തനത് വരുമാനം മാത്രമേ നിലവിലുള്ളൂ. ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് വരുമാനം ഉയർത്താൻ നിലവിൽ വ്യവസ്ഥകൾ ഇല്ല. |

| | | | |
|---|---|---|---|
| ബി) | ഈ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ടോ; അവ ഏതെല്ലാം; പകർപ്പ് ലഭ്യമാക്കുമോ? | ബി) | ഉണ്ട്.<br>13.03.2013 ലെ സ.ഉ.(പി) 88/13/തസ്വഭവ നമ്പർ വിജ്ഞാപനം.<br>(പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്